# GLPS PERINKUNNAM



## ACADEMIC MASTER PLAN

## 2025 - 2026

# ആമുഖം

## പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി 2025-2026 അധ്യയനവർഷത്തിൽ, പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കാൻ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് ഓരോ വിദ്യാലയവും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നു. 'പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക' എന്ന ലക്ഷ്യം മുൻനിർത്തിയൊരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ ശരിയായി നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അതുവഴി വിദ്യാലയത്തിലെ കുരുന്നുകൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും. എല്ലാ പ്രൊജക്ടുകളെയും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമാണ് GLPS പെരുക്കുന്നം.

പൊതുസമൂഹത്തിന്റെ പിന്തുണ കൊണ്ട് വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടർന്നു കൊണ്ടേയിരിക്കാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം. അതിന് കരുത്തുപകരാൻ ഏറെ സഹായകമായ രീതിയിലാണ് അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026 GLPS പെരുക്കുന്നം ഒരുക്കിയിട്ടുള്ളത്.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | - GLPS പെരുങ്കുന്നം |
| മേൽവിലാസം | - പെരുങ്കുന്നം, 678702 പാലക്കാട് |
| സ്കൂൾ കോഡ് | - 21404 |
| വിദ്യാഭ്യാസ ജില്ല | - പാലക്കാട് |
| റവന്യൂ ജില്ല | - പാലക്കാട് |
| വിദ്യാഭ്യാസ ഉപജില്ല | - കുഴൽമന്ദം |
| ബി.ആർ.സി | - കുഴൽമന്ദം |
| ഗ്രാമപഞ്ചായത്ത് | - കുഴൽമന്ദം |
| ബ്ലോക്ക് പഞ്ചായത്ത് | - കുഴൽമന്ദം |
| അസംബ്ലിനിയോജകമണ്ഡലം | - ആലത്തൂർ |
| പാർലമെന്റ്നിയോജകമണ്ഡലം | - ആലത്തൂർ |
| റൂറൽ / അർബൻ | - റൂറൽ |
| താലൂക്ക് | - ആലത്തൂർ |
| ക്ലാസ്സ് (standard) | - 1 to 4 |
| Boys / Girls / Mixed | - Mixed ( Boys & Girls ) |
| സ്ഥാപിതമായ വർഷം | - 1926 |
| സർക്കാർ വകുപ്പ് | - പൊതുവിദ്യാഭ്യാസം |
| ഇ-മെയിൽ അഡ്രസ്സ് | - hmglpsperinkunnu@gmail.com |
| ഫോൺ നമ്പർ | - 04922274732 |
| HM | - ശോഭ. M.K. |
| | - 9495277335 |

## ലക്ഷ്യങ്ങൾ :

- ഓരോ ക്ലാസ്സുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാൻ ആവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
- ICT അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക
- മുഴുവൻ ക്ലാസ്സുകളിലും ICT സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക.
- പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി പഠനപരിപോഷണ പരിപാടികൾ ആവിഷ്കരിക്കുക
- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിലേർപ്പെടുക.
- കുട്ടികളുടെ ഗൃഹസന്ദർശനത്തിലൂടെ അവരെ കൂടുതൽ അറിയാനും അധ്യാപക - രക്ഷാകർതൃബന്ധം മെച്ചപ്പെടുത്താനും ശ്രമിക്കുക
- ക്ലാസ്സ് റൂം പ്രവർത്തനങ്ങൾക്കൊപ്പം മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നൽകുക. നല്ല മനുഷ്യനായി സമൂഹത്തിൽ ജീവിക്കാൻ സഹായകമായ മനോഭാവം വളർത്തിയെടുക്കുക
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക

- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.
- ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക, മെച്ചപ്പെടുത്തുക
- കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക
- മാലിന്യസംസ്കരണത്തിന് സാധ്യമായ വിവിധ മാർഗ്ഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.
- ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക.
- കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ കായികപ്രവർത്തനങ്ങൾ നടപ്പിലാക്കുക
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റാൻ അതിന്റെ ദൂഷ്യഫലങ്ങളെ കുറിച്ച് അവരെ ബോധവത്കരിക്കുക.
- ലഘുപഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ, ബോധവത്കരണ ക്ലാസ്സുകൾ തുടങ്ങിയ പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- പഠന-പാഠ്യേതര പ്രവർത്തനങ്ങൾ, മത്സര-പരീക്ഷകൾ എന്നിവയിൽ മികവാർന്ന പ്രകടനം കാഴ്ചവെക്കാൻ മതിയായ പിന്തുണ നൽകുക
- സർഗ്ഗാത്മക പ്രകടനങ്ങൾക്ക് വേദി ഒരുക്കുക. ആത്മവിശ്വാസം വളർത്താൻ സഹായകമായ പരിശീലനം നൽകുക
- മത്സരപ്പരീക്ഷകളെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക. LSS വിജയികളുടെ എണ്ണം വർദ്ധിപ്പിക്കുക.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിൽ - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | 'പുസ്തകം എന്റെ ചങ്ങാതി' - ബാലമാസികകൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. ലഘുവിവരണം നൽകുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഭാഷാ ക്ലബ്ബ് |
| മികച്ച വായനാശീലം വളർത്തുക | എന്റെ പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. എല്ലാ ക്ലാസ്സിലും ക്ലാസ്സ് ലൈബ്രറി സജ്ജമാക്കുന്നു. | ജൂൺ to മാർച്ച് | ക്ലാസ്സ് ടീച്ചർ |
| അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ to മാർച്ച് | ക്ലാസ്സ് ടീച്ചർ |
| മികച്ച വായനാശീലം വളർത്തുക | അക്ഷരക്കൂട്ടം - വായനാകോർണർ ഒഴിവ് സമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ് മുറികളിലും പ്രത്യേകം വായനാകോർണർ ഒരുക്കുക | ജൂൺ to മാർച്ച് | സ്കൂൾ library ക്ലബ്ബ് |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കാനുള്ള കഴിവ് നേടുക | ക്ലാസ്സ്തല കയ്യെഴുത്ത് മാഗസിൻ - മികച്ച പഠന പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് - ലേഖനം | രണ്ട് മാസത്തിൽ ഒരിക്കൽ | ക്ലാസ്സ് ടീച്ചർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കാനും എഴുതാനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെ കുറിച്ച് വായനാക്കുറിപ്പ് തയ്യാറാക്കൽ. (ചെറിയ ക്ലാസ്സിൽ വായനാകാർഡ് നൽകുന്നു) | ജൂൺ to മാർച്ച് | സ്കൂൾ ലൈബ്രറി & ക്ലാസ്സ് ടീച്ചർ |
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ ചുമർപത്രികയിൽ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | ജൂൺ to മാർച്ച് | ഭാഷാ ക്ലബ്ബ് |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കാനുള്ള കഴിവ് നേടുക. | അധ്യാപകർ തയ്യാറാക്കിയ വ്യവഹാരരൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി അവ മാറ്റിയെഴുതൽ. രചനോത്സവത്തിലൂടെ കൂടുതൽ മാതൃകകൾ പരിചയപ്പെടുന്നു. | ജൂൺ to മാർച്ച് | ക്ലാസ്സ് ടീച്ചർ |
| ആശയവിനിമയശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം - ശ്രദ്ധ - ഇതിനായി ക്ലാസ്സ് തലത്തിൽ ഇത്തരം കുട്ടികളെ കണ്ടെത്തി അധ്യാപകർ ഒന്നിച്ച് പ്രത്യേക പരിശീലനം നൽകുന്നു. | ജൂൺ to മാർച്ച് | ക്ലാസ്സ് ടീച്ചർ |
| അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ | അക്ഷരപ്പാട്ടുകൾ, വായനാകാർഡുകൾ ലഭ്യമാക്കുന്നു. | ജൂൺ to മാർച്ച് | ക്ലാസ്സ് ടീച്ചർ |

## അക്കാദമിക മാസ്റ്റർ പ്ലാൻ
## വിഷയാടിസ്ഥാനത്തിൽ - ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കൽ | English Assembly - ആഴ്ചയിൽ ഒരു ദിനം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ |
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്താൻ സഹായിക്കുന്നു. | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ സ്വയം എഴുതുന്നു. | 1st term ന് ശേഷം | ക്ലാസ് ടീച്ചർ |
| കുട്ടികളിലെ ഇംഗ്ലീഷ് പദസമ്പത്ത് മെച്ചപ്പെടുത്തുക | Spell Bee എന്ന പരിപാടിയിലൂടെ ക്ലാസ്സിലും പ്രവർത്തനങ്ങളിൽ പെടുന്നതും അല്ലാത്തതുമായ പദസമ്പത്ത് ഉറപ്പിക്കുന്നു. കുട്ടികൾക്ക് അംഗീകാരം നൽകി അഭിനന്ദിക്കുന്നു. | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ & English club. |
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | അധ്യാപകരുടെ നേതൃത്വത്തിൽ ദിനനിലവാരക്കാരായ കുട്ടികൾക്ക് വർക്ക്ഷീറ്റ് തയ്യാറാക്കി നൽകുന്നു. | ജൂലൈ to മാർച്ച് | SRG |
| ഇംഗ്ലീഷ് റീഡിങ് കാർഡ് വായിക്കാൻ പ്രാപ്തരാക്കുക | Reading card work shop with the help of parents. | ജൂലൈ | English ക്ലബ്ബ് & ക്ലാസ് ടീച്ചർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക. | എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ - ശില്പശാല - | ഓരോ ടേമിലും | ക്ലാസ്സ് PTA & ടീച്ചർ |
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രമായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിതലാബ് ക്ലാസ്സ് തലത്തിൽ സജ്ജമാക്കൽ, ഗണിത മൂല തയ്യാറാക്കൽ | ജൂൺ to മാർച്ച് | ഗണിത ക്ലബ്ബ് & ക്ലാസ്സ് ടീച്ചർ |
| ഓരോ ക്ലാസ്സിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ എല്ലാ കുട്ടികൾക്കും ലഭിക്കുന്നു എന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം Unit test നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ to മാർച്ച് | ക്ലാസ്സ് ടീച്ചർ |
| ഗണിതശേഷികൾ ഉറപ്പിക്കൽ | ഓരോ ക്ലാസ്സിലും പഠന പിന്തുണാ. സംവിധാനത്തിന് രക്ഷിതാവിന്റെ സഹായം തേടുന്നു. ഗണിതപാഠങ്ങൾ കൃത്യമായി പഠിക്കുന്നുവെന്ന് ഉറപ്പിക്കുന്നു. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ |
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്നവർക്ക് ഗണിതം മധുരം എന്ന പേരിൽ അധികപ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ to മാർച്ച് | ക്ലാസ്സ് ടീച്ചർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ - പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ചുറ്റുപാടുകൾ നിരീക്ഷിച്ച് ദത്തങ്ങൾ ശേഖരിക്കുന്നു. ചർച്ചയിലൂടെ നിഗമനം രൂപീകരിക്കുന്നു. | പ്രകൃതി നടത്തം - കുട്ടികളും അധ്യാപികയും ഒന്നിച്ച് പരിസര നിരീക്ഷണത്തിലേർപ്പെടുന്നു. വിവരങ്ങൾ വർഗ്ഗീകരിക്കുന്നു. വ്യാഖ്യാനിക്കുന്നു. | ഓരോ ടേമിലും | ക്ലാസ് ടീച്ചർ |
| ശാസ്ത്രപഠനത്തിൽ താത്പര്യം വളർത്തുക. ശാസ്ത്രീയ മനോഭാവം വികസിപ്പിക്കുക. | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന് എന്റെ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ |
| ശാസ്ത്ര പ്രക്രിയാ ശേഷികളുടെ വളർച്ചയ്ക്ക് ഇണങ്ങും വിധമുള്ള തയ്യാറെടുപ്പുകൾ നടത്തുക | ശാസ്ത്രപരീക്ഷണങ്ങൾക്ക് ഇണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കാൻ പരീക്ഷണകിറ്റ് തയ്യാറാക്കുക. | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ |
| ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക. | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്ക് ഇണങ്ങും വിധം ശില്പശാലകൾ സംഘടിപ്പിക്കുക. | ഓരോ ടേമിലും | ക്ലാസ് PTA & ടീച്ചർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ - IT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക. | അധ്യാപക ശാക്തീകരണം - ICT സാധ്യതകൾ പാഠഭാഗവുമായി ബന്ധപ്പെടുത്ത് - പരിചയപ്പെടുത്തൽ - ശേഖരിക്കൽ - സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ. | ഓരോ മാസത്തിൽ | SITC |
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം നൽകുക. | കളിപ്പെട്ടി - IT പാഠപുസ്തക പ്രവർത്തനങ്ങൾ കൃത്യമായി കുട്ടികൾക്ക് നൽകി; അടിസ്ഥാന കമ്പ്യൂട്ടർ ശേഷികൾ കൈവരിക്കാൻ പ്രാപ്തരാക്കുക. | ആഴ്ചയിൽ ഒരിക്കൽ (ജൂൺ to മാർച്ച്) | SITC & ക്ലാസ് ടീച്ചർ |
| സ്കൂൾ, ക്ലാസ്സ് തല പ്രവർത്തനങ്ങളുടെ നേർക്കാഴ്ച ഡിജിറ്റലായി നിർമ്മിക്കാനും സമൂഹ മാധ്യമങ്ങൾ വഴി സമൂഹത്തെ അറിയിക്കാനും ശ്രമിക്കുക | ഡിജിറ്റൽ എക്സ്പോഷർ തയ്യാറാക്കാൻ അധ്യാപകർക്ക് പരിശീലനം നൽകുന്ന പ്രവർത്തനങ്ങൾ | ജൂൺ to മാർച്ച് | SITC |

## അക്കാദമിക മാസ്റ്റർപ്ലാൻ
## - ആരോഗ്യ - കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പു വരുത്തുക. | <u>ഹെൽത്ത് ചെക്കപ്പ് എല്ലാ കുട്ടികൾക്കും.</u> ആരോഗ്യ ക്ഷമത ഉറപ്പുവരുത്താൻ ആദ്യ ടേമിൽ Health Check up സംഘടിപ്പിക്കുക. | ജൂൺ to സെപ്തംബർ | SRG & സയൻസ് ക്ലബ്ബ് |
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം നൽകുക | <u>Physical Education - Teacher workshop</u> PT പിരിയഡിൽ ഫിസിക്കൽ എക്സർസൈസ്, ഗെയിംസ് എന്നിവ നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകുക. | ജൂൺ to മാർച്ച് | SRG |
| പഠനത്തിൽ ഏകാഗ്രത കൈവരിക്കാൻ സഹായകമായ പ്രവർത്തനങ്ങളിലൂടെ കുട്ടികളെ ലക്ഷ്യബോധമുള്ളവരാക്കി മാറ്റുക. | കായികാരോഗ്യത്തിന് <u>സുംബ ഡാൻസ്, ഫുട്ബോൾ കോച്ചിങ്, അത്‌ലറ്റിക് പരിശീലനം</u> എന്നിവയിൽ ഏതെങ്കിലും സ്കൂളിൽ സംഘടിപ്പിക്കുക. | ജൂൺ to മാർച്ച് | HM SRG PTA |
| കായികാരോഗ്യത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക. | കായിക - മാനസികാരോഗ്യത്തെ കുറിച്ച് ബോധവത്കരണ ക്ലാസുകൾ നൽകുക. | ജൂൺ to മാർച്ച് | SRG PTA |

## അക്കാദമിക മാസ്റ്റർ പ്ലാൻ - LSS പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| മത്സരപ്പരീക്ഷകളെ പേടി കൂടാതെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക. LSS വിജയികളുടെ എണ്ണം കൂട്ടുക. | പ്രീടെസ്റ്റിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ വിലയിരുത്തുകയും എല്ലാവരെയും മധ്യധാരയിലെത്തിക്കാനുള്ള പരിശീലനം നൽകുക. ഓരോ ടേമിലെയും പാഠഭാഗങ്ങൾക്കൊപ്പം ധാരാളം Mock Test - LSS അവസരം നൽകുക | ജൂൺ to മാർച്ച് | SRG, ക്ലാസ് ടീച്ചർ, CPTA |
| LSS പരിശീലനം മുഴുവൻ അധ്യാപകരുടെയും ഉത്തരവാദിത്തമാണെന്ന തരത്തിൽ പ്രവർത്തിക്കുക. | ഓരോ അധ്യാപകർക്കും വിഷയാടിസ്ഥാനത്തിൽ ചുമതല നൽകി കുട്ടികൾക്ക് പരിശീലനം നൽകുക | ജൂൺ to മാർച്ച് | SRG |

## അക്കാദമിക മാസ്റ്റർ പ്ലാൻ - FLN (Foundational Literacy & Numeracy)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| LP തലത്തിലെ പഠനം അവസാനിക്കുമ്പോഴേക്കും മുഴുവൻ കുട്ടികൾക്കും അടിസ്ഥാന നൈപുണികൾ കൈവരിക്കാൻ തക്ക പ്രവർത്തനങ്ങൾ നടപ്പിലാക്കുക. | സ്കൂളിന്റെ തനത് പ്രവർത്തനമായി FLN ഏറ്റെടുത്ത് കുട്ടികളെ പഠന പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുപ്പിക്കുക. വിലയിരുത്തലിലൂടെ പഠന പരിപോഷണം ഉറപ്പാക്കുക. | ജൂൺ to മാർച്ച് | SRG & ക്ലാസ് ടീച്ചർ |

## അക്കാദമിക മാസ്റ്റർ പ്ലാൻ - സർഗവേദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കലാഭിരുചി വളർത്തുക. കുട്ടികളുടെ സർഗാത്മകത വികസിപ്പിക്കാൻ പ്രകടനവേദികൾ ഒരുക്കുക. കുട്ടികളിൽ നേതൃബോധം വളർത്തുക. | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസ്സിലും 'സർഗവേദി' നടത്തൽ; മാസത്തിലൊരിക്കൽ 'ബാലസഭ' സംഘടിപ്പിക്കൽ. | ജൂൺ to മാർച്ച് | ക്ലാസ്സ് ടീച്ചർ & SRG |
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക. | നൃത്തം, ചിത്രരചന, ക്രാഫ്റ്റ് വർക്ക്, പെയിന്റിംഗ്, ഒറിഗാമി മേഖലകളിൽ കുട്ടികൾക്ക് പരിശീലനം നൽകുക. | ജൂൺ to മാർച്ച് | SRG & PTA |

## അക്കാദമിക മാസ്റ്റർ പ്ലാൻ - സാമൂഹിക പിന്തുണ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹിക സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, ആശുപത്രി, പഞ്ചായത്ത് എന്നിവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | eso അനുസരിച്ച് | SRG |
| ജനകീയ പിന്തുണ ആർജ്ജിക്കാൻ വിദ്യാലയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സാമൂഹിക ഇടങ്ങളിൽ അവതരിപ്പിക്കൽ. | കോർണർ PTA, പഠനോത്സവം, ഫീൽഡ് ട്രിപ്പ്, ഗൃഹസന്ദർശനം ഇവ കൃത്യമായി സംഘടിപ്പിക്കുക | ജൂൺ to മാർച്ച്. | PTA SRG |